# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4193** — **16.12.2014** ൽ മറുപടിയ്ക്ക്

### കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ പെരുമാറ്റദൂഷ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി. ഇ.എസ്. ബിജിമോൾ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | വ്യവസായ വാണിജ്യവകുപ്പിന് കീഴിലുള്ള കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എസ്. സുരേഷ് കുമാറിന്റെ പെരുമാറ്റ ദൂഷ്യത്തിനെതിരായി ഇതേ ഓഫീസിലെ വനിതാ ജീവനക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒരു അസി.ഡയറക്ടർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അസി.ജില്ലാ വ്യവസായ ഓഫീസർ, ഒരു ജൂനിയർ സൂപ്രണ്ട് എന്നിവർ 09.10.2014-ൽ നൽകിയ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരായ ശ്രീ. പി.എസ്. സുരേഷ് കുമാറിനെതിരായി ടി ഓഫീസിലെ വനിതാ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള പരാതിയിൻമേൽ അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത പരാതിയിൻമേൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് സമർപ്പിക്കുന്നതാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ അതേ തസ്തികയിൽ തൽസ്ഥാനത്ത് തുടർന്നു കൊണ്ട് പരാതിക്കാർക്ക് എതിരെ പ്രതികാര നടപടി തുടരുന്ന സാഹചര്യത്തിൽ ടിയാളെ ജനറൽ മാനേജർ സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | തൊഴിൽ സ്ഥലങ്ങളിൽ വനിതകൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം നിഷേധിക്കപ്പെടുകയും പരാതിക്കാർ പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിൽപ്പെടുന്നവരായിട്ടും അടിയന്തരമായി തീരുമാനം ആകാതെ പോകുന്നതിനാൽ ഇരകളാകുന്ന പരാതിക്കാർ പക പോക്കലിനും കൂടുതൽ പീഡനത്തിനും ഇരയാകുകയും ചെയ്യും എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**